# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി:** 29/12/2017

***വിഷയം: " സുന്നത്തിന്റെ പുനർജീവകർ "***

بَلِ اتَّبَعَ الَّذِينَ ظَلَمُوا أَهْوَاءَهُم بِغَيْرِ عِلْمٍ ۖ فَمَن يَهْدِي مَنْ أَضَلَّ اللَّهُ ۖ وَمَا لَهُم مِّن نَّاصِرِينَ﴿الروم:٢٩﴾

➢ ഇസ്ലാം സമ്പൂർണ്ണമായി നടപ്പിലാക്കിയശേഷമാണ് നബി(സ്വ) കടന്നുപോയത്. മദീനയിലെ ഇസ്ലാമിക രാഷ്ട്രത്തിന്റെ കീഴിൽ സിവിൽ, ക്രിമിനൽ, നിയമങ്ങളെല്ലാം നടപ്പിലാക്കപ്പെട്ടു. ഇസ്ലാമിക വിശ്വാസ, ആരാധനാ, സംസ്കാരങ്ങൾ നിറഞ്ഞ് നിന്നതും അക്കാലത്ത് തന്നെ. ദീനീചിരിത്രത്തിൽ എന്തുകൊണ്ടും മികച്ച കാലം അതു തന്നെയായിരുന്നു.

عَنْ عَبْدِ اللَّهِ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ خَيْرُ النَّاسِ قَرْنِي ثُمَّ الَّذِينَ يَلُونَهُمْ ثُمَّ الَّذِينَ يَلُونَهُمْ (بخاري)

➢ പൂർണ്ണതയ്ക്കുശേഷം കുറവ് സംഭവിക്കൽ സ്വാഭാവികമാണ്. ചന്ദ്രന്റെ അവസ്ഥ നാം കാണുന്നതാണ്. എല്ലാത്തിന്റെയും ഗതിയാണിത്.

لِكُلِّ شَيءٍ إِذَا مَا تَمَّ نُقصَانُ ؛ فَلاَ يُغَرَّ بِطِيبِ العَيشِ إِنسَانُ

هِيَ الأُمُورُ كَمَا شَاهَدتُهَا دُوَلٌ ؛ مَنْ سَرَّهُ زَمَنٌ سَاءَتْهُ أَزمَانُ

(=എല്ലാത്തിനും പൂർണ്ണതയ്ക്ക് ശേഷം ഒരു കുറവുണ്ട്. തന്മൂലം ജീവിത സൗഭാഗ്യങ്ങളിൽ ഒരു മനുഷ്യനും വഞ്ചിതനാകണ്ട കാര്യങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കും. ഒരു സമയത്ത് സന്തോഷമാണെങ്കിൽ പല സമയത്തും ദുഃഖമായിരിക്കും).

➢ ദീനിന്റെ കാര്യത്തിലും ഇത് തന്നെ സംഭവിച്ചു. ആദ്യകാലത്തെ മികവ് പിന്നീട് കുറഞ്ഞ് വന്നു. അനസ്(റ) തന്റെ ജീവിതാന്ത്യത്തിൽ ഇതിന്റെ പേരിൽ വിലപിക്കുകയുണ്ടായി.

عَنِ الزُّهْرِيَّ يَقُولُ دَخَلْتُ عَلَى أَنَسِ بْنِ مَالِكٍ بِدِمَشْقَ وَهُوَ يَبْكِي فَقُلْتُ مَا يُبْكِيكَ؟ فَقَالَ لَا أَعْرِفُ شَيْئًا مِمَّا أَدْرَكْتُ إِلَّا هَذِهِ الصَّلَاةَ، وَهَذِهِ الصَّلَاةُ قَدْ ضُيِّعَتْ (بخاري)

(=.......നബി(സ്വ)യുടെ കാലത്തുണ്ടായിരുന്ന നന്മകളിൽ നിന്ന് നമസ്കാരമല്ലാത്തതൊന്നും ഇന്ന് ഞാൻ കാണുന്നില്ല. അതു തന്നെ സമയനിഷ്ഠ പാലിക്കുന്നുമില്ല).

ഹി: 93-ലാണ് അദ്ദേഹത്തിന്റെ വഫാത്ത്. നബി തങ്ങളുടെ കാലത്തുള്ളപല നന്മകളും അന്ന് തന്നെ കുറഞ്ഞുപോയി എന്നാണദ്ദേഹം പറയുന്നത്. അപ്പോൾ പിൽക്കാലത്തെകാര്യം പറയേണ്ടതില്ലല്ലോ? ശ്രേഷ്ഠമായ മൂന്നു നൂറ്റാണ്ടുകൾ കഴിഞ്ഞതോടെ ഇതിന്റെ ആഴമേറി.

➢ ശ്രേഷ്ട നൂറ്റാ ുകൾക്ക് ശേഷം സമുദായത്തെ ആദ്യകാല പ്രതാപത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ശക്തമായ നീക്കം നടത്തിയ മഹാനായിരുന്നു ശൈഖ് ജീലാനി(റ). അദ്ദേഹം അതിനായി തന്റെ ജീവിതം ഉഴിഞ്ഞ്വെച്ചു.

يَقُولُ الشَّيْخُ: دِينُ مُحَمَّدٍ (ص) تَتَوَاقَعُ حِيطَانُهُ وَيَتَنَاثَرُ أَسَاسُهُ. هَلُمُّوا يَا أَهْلَ الْأَرْضِ، نُشَيِّدُ مَا تَهْدِمُ، وَنُقِيمُ مَا وَقَعَ : هَذَا شَيْءٌ مَا يَتِمُّ، يَا شَمْسُ وَيَا قَمَرُ، وَيَانَهَارُ تَعَالَوْا (الفتح الرباني)

(=നബിയുടെ ദീനിന്റെ മതിൽ പൊളിഞ്ഞ് വീണിരിക്കുന്നു. തറക്കല്ല് ഉതിർന്ന് കിടക്കുന്നു. മാലോകരേ! വരിക. പൊളിഞ്ഞ് വീണത് നമുക്ക് ബലപ്പെടുത്താം. വീണ് കിടക്കുന്നത് നേരെയാക്കാം. ഈ യത്നത്തിൽ സൂര്യ, ചന്ദ്ര, പകലുകളെ പങ്കെടുക്കുക).

അദ്ദേഹത്തിന്റെ ശ്രമഫലമായി പതിനായിരങ്ങൾ തൗബ ചെയ്തു. ലക്ഷങ്ങൾ തിരിച്ചു വന്നു. ഇന്നും അതിന്റെ ഫലം കാണന്നു. ആത്മീയത തിരിച്ചു വന്നു. ദീൻ ജീവനുള്ളതായി. അതുകൊണ്ട് തന്നെ ചരിത്രത്തിൽ മറ്റാർക്കും ലഭിക്കാത്ത അം

ഗീകാരം അദ്ദേഹത്തിന് ലഭിച്ചു. “മുഹ്‌യുദ്ദീൻ” എന്ന് ജനം വിളിച്ചു. ദീനിന്റെ പേരിൽ അദ്ദേഹത്തിന് വലിയ അംഗീകാരം ലഭിച്ചു.

قال الشيخ موفق ابن قدامه صاحب المغني : لم أر أحداً يُعَظَّمُ مِنْ أَجلِ الدِّينِ أَكْثَرَ مِنْهُ

അതുകൊണ്ടാണ് ജനം അദ്ദേഹത്തെ ഇന്നും സ്മരിക്കുന്നതും പ്രകീർത്തിക്കുന്നതും. നാടിന്, രാജ്യത്തിന്, പ്രസ്ഥാനത്തിന്, മറക്കാനാവാത്ത സേവനം ചെയ്തവരെ അനുസ്മരിക്കുന്നത് സ്വാഭാവികം. ഇതാണ് ശൈഖ് ജീലാനിയെ പ്രത്യേകം സ്മരിക്കാനുണ്ടായ ചരിത്രപരമായ കാരണം.

➤ ഈ ദൗത്യ നിർവ്വഹണത്തിന് 2 മാർഗ്ഗമാണ് മഹാനവർകൾ തെരഞ്ഞെടുത്തത്. ഒന്ന്: സുന്നത്തിലേക്ക് ജനങ്ങളെ മടക്കിക്കൊണ്ട് വരിക. അഥവാ ശരിഅത്ത് അനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിച്ചു.

طِرْ اِلَي الحَقِ عزّوجل بِجَنَاحَيِ الْكِتَابِ وَ السُّنَّةِ. اُدْخُلْ عَلَيْهِ وَ يَدُكَ فِي يَدِ الرَّسُولِ (ص) , اِجْعَلْهُ وَزِيرَكَ وَ مُعَلِّمَكَ , دَعْ, يَدَهُ تُزَيِّنكَ وَ تُمْشِطُكَ وَ تُعْرِضُكَ عَلَيْهِ. (الفتح الرباني)

(=ഖുർആൻ, സുന്നത്ത് എന്നീ ചിറകുകളിലേറി നീ റബ്ബിലേക്ക് പറക്കുക. നബി(സ്വ)യുടെ കൈപിടിച്ചുകൊണ്ട് നീ റബ്ബിലേക്ക് പ്രവേശിക്കുക. തങ്ങളെ നിന്റെ സഹായിയും ഗുരുവുമാക്കുക. തങ്ങൾ നിന്റെ മുടി ചീകി നിന്നെ അണിയിച്ചൊരുക്കും വിധം വിധം തങ്ങൾക്ക് നിന്നെ വിട്ടുകൊടുക്കുക. തങ്ങൾ നിന്നെ റബ്ബിന്റെ മുന്നിൽ പരിചയപ്പെടുത്തും). ഉപാധികളില്ലാതെ സുന്നത്തിന് കീഴ്പ്പെടുക എന്നാണിതിന്റെ ഉദ്ദേശ്യം.

➤ ഇന്നും അതേ പശ്ചാത്തലം വീ ും മടങ്ങി വന്നിരിക്കുന്നു. ആത്മീയതയുടെ പേരിൽ നിലകൊള്ളുന്ന പലരിലും ദീനിന് വിലയില്ല എന്നതാണ് അവസ്ഥ. ത്വരീഖത്തുകാരിൽ തന്നെ ശരീഅത്തിന് വിലയില്ലാതായിരിക്കുന്നു. മുഖാമുകൾ, ഉറൂസുകൾ പലതും ഹലാൽ-ഹറാമുകൾ നോക്കാതെയായിരിക്കുന്നു.

ഫിഖ്ഹിൽ ഹറാം, കറാഹത്ത് എന്നു പറഞ്ഞതൊന്നും ത്വരീഖത്തിലും മഖാമിലും ഉറൂസിലും പാടില്ല. അല്ലാത്തിടത്തിലും പാടില്ല. സുന്നത്തിന് വിരുദ്ധമായതെല്ലാം വ്യാജമാണ്. അതാണ് ശൈഖ് ജീലാനി(റ) പറഞ്ഞത്.

"يَا قَوْمِ! الْإِسْلامُ يَبْكِي وَيَسْتَغِيثُ يَدُهُ فِي رَأْسِهِ، مِنْ هَؤُلاءِ الفُجارِ! من هؤلاء الفُسَّاقِ! من هؤلاء أَهْلِ البِدعِ والضَّلالِ! منَ الظَّلمةِ! مِن اللَّابِسِينَ ثِيَابَ الزُّورِ! مِن المُدَّعِينَ مَا لَيْسَ فِيهِمْ! (الفتح الرباني)

(=ജനങ്ങളെ! ഇസ്ലാം കരഞ്ഞ് സഹായത്തിനായി കേഴുന്നു. തലയിൽ കൈവച്ചുകൊണ്ട്. ഈ കൊടുംകുറ്റവാളികളെ തൊട്ട്, പാപികളിൽ നിന്ന്, ബിദ്അത്ത്കാരിൽ നിന്ന്, അക്രമികളിൽ നിന്ന്, കള്ള വസ്ത്ര ധാരികളിൽ നിന്ന്, വ്യാജവാദികളിൽ നിന്ന് രക്ഷപ്പെടുത്തുവാൻ).

ഇവർ ദേഹേഛക്ക് വേ ി ജീവിക്കുന്നവരാണ്.

بَلِ اتَّبَعَ الَّذِينَ ظَلَمُوا أَهْوَاءَهُم بِغَيْرِ عِلْمٍ ۖ فَمَن يَهْدِي مَنْ أَضَلَّ اللَّهُ ۖ وَمَا لَهُم مِّن نَّاصِرِينَ﴿الروم: ٢٩﴾

കുറ്റക്കാരെ മാത്രമല്ല, ആത്മീയതയുടെ വ്യാജവേഷക്കാരേയും ശൈഖ്(റ) വിമർശിക്കുകയാണിവിടെ. ഇന്നും നമ്മുടെ മശായിഖുമാരും പണ്ഡിത സംഘടനകളും നമ്മോട് പറയുന്നത് ഇക്കാര്യമാണ്.

ചുരുക്കത്തിൽ ശ്രേഷ്ഠ നൂറ്റാണ്ടിന് ശേഷം ഉമ്മത്തിനെ പഴയ സുന്നത്തിലേക്ക് നയിച്ച മഹാനായിരുന്നു, ശൈഖ് ജീലാനി (റ). അദ്ദേഹത്തിന്റെ ആണ്ടും അനുസ്മരണവും മൗലിദും നാം നടത്തേ താണ്. ഒപ്പം ശൈഖ് ജീലാനി തങ്ങളുടെ ഉപദേശങ്ങൾ മനസ്സിലുണ്ടാകണം.